4. തലവടി സർവ്വീസ് സഹകരണ ബാങ്ക്, ആലപ്പുഴ.

5. ഇടുക്കി ജില്ലാ എക്സ് സർവ്വീസ് മെൻ സഹകരണ സംഘം.

6. ചോറോട് സർവ്വീസ് സഹകരണ ബാങ്ക്, കോഴിക്കോട്.

7. കൊല്ലങ്കോട് പട്ടികജാതി സർവ്വീസ് സഹകരണ ബാങ്ക്, പാലക്കാട്.

8. കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്, പാലക്കാട്.

ഇവയിൽ ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയുടെ ഭരണ സമിതികളെ പിരിച്ച് വിട്ട ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തെങ്കിലും ഇതിനോടകം തന്നെ ടി ഭരണസമതികളുടെ കാലാവധി കഴിഞ്ഞതിനാൽ അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയുണ്ടായി. കൂടാതെ മട്ടാഞ്ചേരി മഹാജനിക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, പാലക്കാട് ജില്ലാ മൊത്ത വ്യാപാര കൺസ്യൂമർ സ്റ്റോർ എന്നീ സംഘങ്ങളിൽ വകുപ്പ് 33 പ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിച്ച ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. ഇതിൽ മട്ടാഞ്ചേരി മഹാജനിക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിൽ അഡ്മിനിസ്ട്രേറ്ററെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തതിനെ തുടർന്ന് ടി ഭരണസമിതിക്ക് അധികാരം തിരികെ നൽകുന്നതിനുള്ള ഉത്തരവ് എറണാകുളം ജോയിന്റ് രജിസ്ട്രാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവ് ബഹു. ഹൈക്കോടതി ഇപ്പോൾ റദ്ദാക്കിയിട്ടുണ്ട്.

(ഡി) അഡ്മിനിസ്ട്രേറ്റർ ഭരണം നടത്തുന്ന 591 സഹകരണ സംഘങ്ങളും, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടത്തുന്ന 169 സഹകരണ സംഘങ്ങളും ഉണ്ട്.

(ഇ) സംഘങ്ങളുടെ പ്രവർത്തന വൈകല്യം/പോരായ്മ കൊണ്ടാണ് സഹകരണ നിയമം അനുശാസിക്കുന്ന പ്രകാരം സംഘം ഭരണസമിതികൾ പിരിച്ചു വിടേണ്ടതായി വരുന്നത്. ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതില്ല.

വാർഷിക പദ്ധതികളുടെ സമയബന്ധിതമായ അവലോകനം

17 (*347) ഡോ. കെ. ടി. ജലീൽ :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകൾ നടപ്പാക്കേണ്ട വാർഷിക പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ഫലപ്രദമായി പണം ചെലവഴിക്കുന്നുണ്ടോയെന്ന് അവലോകനം നടത്താറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുകകൾ ഏത് വിധത്തിൽ ചെലവഴിക്കുന്നുവെന്നു പരിശോധിക്കുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളത്;

(സി) പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന തുക ശരിയായ രീതിയിൽ യഥാസമയം വിനിയോഗിക്കാതെ ബാങ്കുകളിലും മറ്റും നിക്ഷേപിക്കുന്ന പ്രവണത തടയുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ ;

(ഡി) ഇപ്രകാരം എന്ത് തുകയാണ് ബാങ്കുകളിലും മറ്റും കെട്ടിക്കിടക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) മുഖ്യമന്ത്രി തലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ അവലോകന യോഗം നടത്താറുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും അവലോകനയോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി വരുന്നു. വകുപ്പ് സെക്രട്ടറി തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അവലോകനവും നടത്തുന്നുണ്ട്. ഈ യോഗങ്ങളിൽ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകപ്പെടുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം ഭരണാനുമതി നൽകേണ്ട പദ്ധതികൾക്കെല്ലാം (ഏതാണ്ട് 10%ഒഴികെ) ഇതിനോടകം ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതം വിനിയോഗിക്കുന്നത് സംബന്ധിച്ച് പ്ലാൻ സ്പേസ് വഴി എല്ലാ മാസവും അവലോകനം നടത്തുന്നുണ്ട്. 2014 ഒക്ടോബർ 31 വരെയുള്ള പദ്ധതി വിഹിതം വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വകുപ്പുകൾക്ക് പദ്ധതി നടത്തിപ്പിനായി നൽകുന്ന തുകയുടെ സാമ്പത്തിക പുരോഗതി എല്ലാ മാസവും സെക്രട്ടറി തലത്തിൽ ചീഫ് സെക്രട്ടറി അവലോകനം നടത്താറുണ്ട്. കൂടാതെ പദ്ധതി ചെലവ് സംസ്ഥാന ആസൂത്രണ ബോർഡ് ഓൺലൈൻ സംവിധാനം വഴി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

(സി) 2-6-2012-ലെ 31/2012/ധന സർക്കുലർ പ്രകാരം വർഷാവസാനം പദ്ധതി തുക TSB/ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നത് പൂർണ്ണമായും ഒഴിവാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 19-9-2014-ലെ ജി.ഒ.(പി) നമ്പർ 400/2014/ധന. സർക്കാർ ഉത്തരവ് പ്രകാരം നടപ്പു സാമ്പത്തിക വർഷത്തെ അവസാന രണ്ട് മാസങ്ങളിൽ (ഫെബ്രുവരി, മാർച്ച്) ഏതൊരു ശീർഷകത്തിലേയും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക TSB/ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാൻ അനുവദിക്കുന്നതല്ലെന്ന് കർശന നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിശോധിച്ചിട്ടുണ്ട്. 27-3-2014-ലെ 31/2014/ധന സർക്കുലർ പ്രകാരം സർക്കാർ വകുപ്പുകളുടെ കൈവശം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളും കൊമേഴ്സ്യൽ ബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന സർക്കാർ തുകകളും ഉടൻ തന്നെ ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരിച്ചടക്കണമെന്ന് കർശന നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രകൃതി വാതക പൈപ്പ് ലൈൻ

18(T*348) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പൈപ്പ് ലൈനിനു വേണ്ടി ഇതുവരെ ഏതെങ്കിലും ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുപ്പുപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗെയിൽ (ഇന്ത്യ) കേരളത്തിലെ പ്രസ്തുത പദ്ധതി ഉപേക്ഷിക്കുന്നതായി സൂചന നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി പൂർത്തിയാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) സംസ്ഥാനത്ത് പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിക്കാനുള്ള യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല.

'(ബി) പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട ഭൂമിയുടെ ഉപയോഗാവകാശത്തിനായി ഭാരത സർക്കാരിന്റെ P & MP Act-ലെ സെക്ഷൻ 3(1), 6(1) എന്നിവ പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിക്കു വേണ്ടിയുള്ള പൈപ്പുകളും മറ്റു സാമഗ്രികളും എത്തിച്ചേർന്നിട്ടുണ്ട്. ഗെയിൽ ഉദ്യോഗസ്ഥൻമാരേയും Project Management Consultant (PMC) നേയും നിയോഗിച്ചിട്ടുണ്ട്. SV/IP (Sectionalizing Valve Station/Intermediate Pigging Station) സ്റ്റേഷനുകൾക്കുള്ള സ്ഥലമേറ്റെടുപ്പ് സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ പുരോഗമിക്കുകയാണ്. പൈപ്പ് ലൈൻ

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly